"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - തൊഴിലാളികളുടെ ദിവസ വേതനം 291/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1347/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/07/2020

---

പരാമർശം:- 1 സ.ഉ.(കൈ)നം.210/2012/ തസ്വഭവ തീയതി 13.09.2010

2 കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ 23.03.2020-ലെ എസ്.ഒ.1203(ഇ) നമ്പർ വിജ്ഞാപനം

3 നഗരകാര്യ ഡയറക്ടറുടെ 23.04.2020-ലെ ഡി.സി 3-9653/20 നമ്പർ കത്ത്

<u>ഉത്തരവ്</u>

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ, പരാമർശം (1) ഉത്തരവ് പ്രകാരം, സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതിയാണ് 'അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി'. ടി പദ്ധതിയിൽ പ്രവൃത്തിയെടുക്കുന്ന ഏതൊരാൾക്കും ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ കാലാകാലങ്ങളിൽ ലഭ്യമാകുന്ന അതേ വേതനം തന്നെ ലഭിക്കാൻ അവകാശമുണ്ട്. നിലവിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ദിവസ വേതനം 271/ - രൂപയാണ്. എന്നാൽ, പരാമർ ശം ( 2 ) വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയിലെ തൊഴിലാളികളുടെ ദിവസ വേതനം 291/- രൂപയായി കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ ദിവസ- വേതനവും വർദ്ധിപ്പിക്കണമെന്ന് പരാമർശം ( 3 ) പ്രകാരം നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ തൊഴിലാളികളുടെ വേതനം, 01.04.2020 മുതൽ 291/ - രൂപയായി കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലുള്ള തൊഴിലാളികളുടെ വേതനവും, 01.04.2020 മുതൽ പ്രാബല്യത്തിൽ, 291/- രൂപയായി (ഇരുന്നൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജുക്കുട്ടൻ എം എസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്: നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (w.r.t.File no. Dev-1/225/2017/Fin dtd 22.06.2020)

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020[illegible] 14:40:45 IST
Reason: Approved
സെക്ഷൻ ഓഫീസർ

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്